# ദിശ (جهة)

**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ* ( رحمه الله )
**ഗ്രന്ഥം:** **فتح رب البرية بتلخيص الحموية**
**വിവർത്തനം:** *ഹംസ ജമാലി*

ഈ അധ്യായത്തിൽ അല്ലാഹുവിന് താഴ്ഭാഗം മേൽഭാഗം തുടങ്ങിയ ദിശകളുണ്ടോ ഇല്ലേ? എന്ന് വിശദമാക്കാനാണ് നാം ഉദ്ദേശിക്കുന്നത്. ഈ വിഷയത്തിൽ ഏറ്റവും ശരി: പൊതുവിൽ അല്ലാഹുവിന് ദിശയുണ്ട് എന്നോ ഇല്ലാ എന്നോ പറയാതിരിക്കലാണ്. എന്നാൽ ഇത് അൽപം വിശദീകരിക്കേണ്ടതുണ്ട്.

താഴ്ഭാഗമാണ് ഉദ്ദേശ്യമെങ്കിൽ അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഇല്ലാത്തതും പാടില്ലാത്തതുമാകുന്നു. കാരണം എല്ലാനിലക്കും അല്ലാഹു അവന്റെ സത്തയിലും ഗുണത്തിലും മേലേയായിരിക്കൽ നിർബന്ധമാകുന്നു. അവനെ വലയം ചെയ്തുകൊണ്ടുള്ള മേൽഭാഗമാണ് ഉദ്ദേശ്യമെങ്കിൽ അത് അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഇല്ലാത്തതും പാടില്ലാത്തതുമാകുന്നു. കാരണം അല്ലാഹുവിന്റെ ഏതെങ്കിലുമൊരു സൃഷ്ടി അവനെ വലയം ചെയ്യുന്നതിൽ നിന്നും അവൻ ഏറ്റവും മഹത്തായവനും ഉന്നതനുമാകുന്നു. മാത്രമല്ല, അവന്റെ 'പാദ പീഠം' (الكرسي) ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതായിരിക്കെ എങ്ങനെയാണിതിന്നു കഴിയുക?

وَٱلۡأَرۡضُ جَمِيعًا قَبۡضَتُهُۥ يَوۡمَ ٱلۡقِيَٰمَةِ وَٱلسَّمَٰوَٰتُ مَطۡوِيَّٰتُۢ بِيَمِينِهِۦۚ سُبۡحَٰنَهُۥ وَتَعَٰلَىٰ عَمَّا يُشۡرِكُونَ

ഉയിർത്തെഴുന്നേല്പിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു പിടിയിൽ ഒതുങ്ങുന്ന തായിരിക്കും. ആകാശങ്ങൾ അവന്റെ വലത് കയ്യിൽ ചുരുട്ടി പിടിക്കപ്പെട്ടവയുമായിരിക്കും. അവനത്രെ പരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിനെല്ലാം അവൻ അതീതനായിരിക്കുന്നു. (അസ്സുമർ: 67)

എന്നാൽ അല്ലാഹുവിന്റെ മഹത്വത്തിനും ഔന്നത്യത്തിനും നിരക്കുന്ന വിധത്തിൽ അവനെ വലയം ചെയ്യാതെയുള്ള ഭാഗമാണ് ഉദ്ദേശ്യമെങ്കിൽ അത് അനിവാര്യമായും അവന് സ്ഥിരപ്പെട്ടതാകുന്നു. ശൈഖ് അബൂ മുഹമ്മദ് അബ്ദിൽഖാദിർ ജീലാനി( رحمه الله ) അദ്ദേഹത്തിന്റെ അൽഗുൻയ: എന്ന ഗ്രന്ഥത്തിൽ പറയുന്നു:

وهو سبحانه بجهة العلو مستو على العرش، محتو على الملك

''അവൻ (അല്ലാഹു) മുകൾഭാഗത്ത് സിംഹാസനത്തിൽ ആരോഹിതനും അവന്റെ ആധിപത്യം എല്ലാ വസ്തുക്കളെയും വലയം ചെയ്യുകയും ചെയ്തിരിക്കുന്നു.'' അതായത് അവൻ സർവാധിപതിയും അനുഗ്രഹപൂർണനനുമാണെന്നർഥം.

അല്ലാഹുവിന്റെ ഏതെങ്കിലുമൊരു സൃഷ്ടി അവനെ വലയം ചെയ്യുന്നതിനെ നിങ്ങൾ നിഷേധിക്കുകയാണെങ്കിൽ അല്ലാഹു അവനെക്കുറിച്ച് അവൻ ആകാശത്തിലാണെന്ന് അവന്റെ ഗ്രന്ഥത്തിലൂടെയും അവന്റെ ദൂതന്റെ ﷺ നാവിലൂടെയും വ്യക്തമാക്കുകയും മുസ്ലിം

സമൂഹം ഈ വിഷയത്തിൽ ഏകോപിക്കുകയും ചെയ്തതിനെ കുറിച്ച് എന്തുപറയുന്നു? എന്നു ചോദിച്ചാൽ അതിനുള്ള മറുപടിയെന്താണ്?

അല്ലാഹു ആകാശത്താണ് എന്നതിന് ആകാശം അവനെ വലയം ചെയ്യുന്നുവെന്നർത്ഥമില്ല. അങ്ങനെ വല്ലവരും സ്വന്തം അർത്ഥം നല്കുന്നുവെങ്കിൽ അവർ പിഴച്ചവരാകുന്നു. അതല്ല മറ്റുവല്ലവരിലേക്കും ചേർത്തി കൊണ്ട് പറഞ്ഞതാണെങ്കിൽ അത് തെറ്റായതും കളവുമാകുന്നു. എന്തുകൊണ്ടെന്നാൽ അല്ലാഹുവിന്റെ മഹത്വവും എല്ലാ സൃഷ്ടികളെയും അവൻ വലയം ചെയ്തിരിക്കുന്നുവെന്നും ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു പിടിയിൽ ഒതുങ്ങുന്നതായിരിക്കുമെന്നും ഗ്രന്ഥങ്ങളുടെ ഏടുകൾ ചുരുട്ടുന്ന പ്രകാരം ആകാശത്തെ അവൻ ചുരുട്ടിക്കളയുമെന്നും അറിയുന്ന ഒരാളുടെ ചിന്തയിലും അല്ലാഹുവിന്റെ സൃഷ്ടികളിലേതെങ്കിലുമൊന്ന് അല്ലാഹുവിനെ വലയം ചെയ്യാൻ മതിയായതാണെന്ന് അവന്റെ മനസ്സിലുതിക്കുകയില്ലതന്നെ.

ഈ അടിസ്ഥാനത്തിൽ അല്ലാഹു ആകാശത്തിലാണ് (فى السماء) എന്നത് താഴെ വരുന്ന രണ്ടർത്ഥത്തിൽ ഏതെങ്കിലുമൊന്നാകും.

ഒന്ന്: سماءَ (ഉപരിഭാഗം) എന്നതുകൊണ്ടുള്ള വിവക്ഷ മുകളിൽ എന്നാകും. അപ്പോൾ അതിന്റെ അർത്ഥം അല്ലാഹു മുകൾ ഭാഗത്തുണ്ടാകുന്നുവെന്നായിരിക്കും വരിക. علوّ എന്നതിന് ഈ അർഥം ഖുർആനിൽ തന്നെ വന്നിട്ടുമുണ്ട്. അല്ലാഹു പറയുന്നത് നോക്കൂ.

وَيُنَزِّلُ عَلَيْكُم مِّنَ ٱلسَّمَآءِ مَآءً

''അവൻ നിങ്ങളുടെ മേൽ ആകാശത്ത് നിന്ന് വെള്ളം ചൊരിയുകയും ചെയ്യുന്നു.'' (അൽഅൻഫാൽ:11) അതായത് മുകളിൽ നിന്ന് എന്ന് വിവക്ഷ. മേഘത്തിൽ നിന്നാണല്ലോ മഴ പെയ്യുന്നത്.

രണ്ട്: فى السماء(ആകാശത്തിൽ) എന്നതിലെ فى അഥവാ 'ൽ' എന്നതിന്റെ ഉദ്ദേശ്യം على എന്ന വ്യാപകമായ അർത്ഥത്തിലാണ്. അതനുസരിച്ച് ആകാശത്തിനുമുകളിൽ എന്നർത്ഥമാകും. فى എന്നതിന് على എന്ന അവ്യയത്തിൽ ''മീതെ'' എന്ന അർത്ഥം ഖുർആനിലും മറ്റും ധാരാളം സ്ഥലങ്ങളിൽ വന്നിട്ടുമുണ്ട്. അല്ലാഹു പറയുന്നത് നോക്കൂ.

فَسِيحُوا۟ فِى ٱلْأَرْضِ

'അതിനാൽ ഭൂമിയിലൂടെ യഥേഷ്ടം സഞ്ചരിച്ചുകൊള്ളുക' (അത്തൗബ:2) അഥവാ ഭൂമിയുടെ മുകളിലൂടെ എന്നർത്ഥം.